I/1130917/2023

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(Present:HARITHA V KUMAR)

വിഷയം: വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം – വകുപ്പിലെ ക്ലർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ തീയതി 03/01/2014
2) സ.ഉ. (പി) നം. 21/2014/ഉ.ഭ.പ.വ തീയതി 19/07/2014
3) സ.ഉ. (പി) നം. 16/2019/ഉ.ഭ.പ.വ തീയതി 28/05/2015
4) സ.ഉ. (പി) നം. 6/2019/ഉ.ഭ.പ.വ തീയതി 24/08/2019
5) G.O.(P) No 4/2020/P&ARD Dt 22/01/2020
6) സ.ഉ. (അച്ചടി) നം 6/2022/ ഉ.ഭ.പ.വ തീയതി 21/07/2022
7) വനിത ശിശു വികസന ഡയറക്ടറുടെ 02/02/2023 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്
8) വനിത ശിശു വികസന ഡയറക്ടറുടെ 28/09/2023 ലെ DWCD/2795/2022-E4 നമ്പർ ഉത്തരവ്
9) വനിത ശിശു വികസന ഡയറക്ടറുടെ 16/11/2023 ലെ DWCD/2795/2022-E4 നമ്പർ ഉത്തരവ്.

### ഉത്തരവ് നം.DWCD/2795/2022-E4 തീയതി: 07-12-2023

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലർക്ക്, എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം 1 മുതൽ 6 വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ക്ലർക്ക് / LD ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി 31.12.2012 വരെ സർവ്വീസിൽ പ്രവേശിച്ചവരെ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാന തല സംയുക്ത സീനിയോരിട്ടി ലിസ്റ്റ് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിക്കുകയും ആയതിൽ ക്രമ. നം. 16 വരെയുള്ളവർക്ക് ഇതിനകം ക്ലർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിച്ച നൽകിയിട്ടുമുണ്ട്.

പരാമർശം (8) പ്രകാരം ക്ലാർക്കായി തസ്തിക മാറ്റ നിയമനം ലഭിച്ച ശ്രീ. സന്തോഷ് തോമസ് (ക്രമ. നം. 12) ശ്രീ. ഉണ്ണികൃഷ്ണൻ (ക്രമ. നം. 16) എന്നിവരുടെയും കൂടാതെ, ഇനി തസ്തിക മാറ്റ നിയമനം ലഭിക്കാനുള്ള ശ്രീമതി അനിത പി. വി (ക്രമ. നം. 19) ശ്രീമതി ഗംഗ എസ് (ക്രമ. നം. 21 ) എന്നിവരുടെയും റീലിൻ ക്വിഷ്മെന്റ് അപേക്ഷ പരാമർശം (9) പ്രകാരം അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.

പരാമർശം (8) പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചിരുന്നതിൽ റിലിങ്കിഷ് ചെയ്യപ്പെട്ട ശ്രീ. സന്തോഷ് തോമസ് (ക്രമ. നം. 12), ശ്രീ. ഉണ്ണികൃഷ്ണൻ (ക്രമ. നം. 16) എന്നിവരുടെ ഒഴിവും, തസ്തിക മാറ്റം വഴി നിയമനം ലഭിച്ച് സർവ്വീസിൽ തുടർന്നു വന്നിരുന്നതിൽ 31/05/2023 ന്ന വിരമിച്ച ശ്രീ. പ്രകാശൻ എം, ശ്രീമതി. ബാത്തിഷ ബീവി റ്റി വി എന്നിവരുടെ ഒഴിവും ചേർന്ന് നിലവിൽ തസ്തിക മാറ്റ നിയമനത്തിനായി ക്ലർക്ക് തസ്തികയിൽ ആകെ 4 ഒഴിവുകളുണ്ട്.

അതിൻ പ്രകാരം സംസ്ഥാന തല സംയുക്ത സീനിയോരിട്ടി ലിസ്റ്റിൽ ക്രമ. നം. 17 മുതൽ 23 വരെ ഉൾപ്പെട്ട ജീവനക്കാരിൽ 4 പേർക്ക് ചുവടെ വിവരിക്കും പ്രകാരം ക്ലർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം ലഭിക്കുന്നതിനു അർഹതയുണ്ട്.

| ജീവനക്കാരുടെ പേര്, തസ്തിക. | സംയുക്ത സീനിയോറിറ്റി ലിസ്റ്റിലെ ക്രമ. നം. | അഭിപ്രായം |
|---|---|---|
| ശ്രീ. ശ്രീ തോമസ് എ | 17 | തസ്തിക മാറ്റ നിയമനത്തിന് അർഹനാണ് |
| ശ്രീ. യു അവിന്ദാക്ഷൻ | 18 | 31/05/2022 ന വിരമിച്ചു |
| ശ്രീമതി. അനിത പി. വി | 19 | സ്ഥിരമായി റിലിങ്കിഷ് ചെയ്തു (DWCD/2795/2022-E4 Dated:16/11/02023) |
| ശ്രീ. അയൂബ് കെ | 20 | തസ്തിക മാറ്റ നിയമനത്തിന് അർഹനാണ് |
| ശ്രീമതി. ഗംഗ എസ് | 21 | സ്ഥിരമായി റിലിങ്കിഷ് ചെയ്തു (DWCD/2795/2022-E4 Dated:16/11/02023) |
| ശ്രീ. ടോമി കെ ഐ | 22 | തസ്തിക മാറ്റ നിയമനത്തിന് അർഹനാണ് |
| ശ്രീമതി. ഷീജ എസ് | 23 | തസ്തിക മാറ്റ നിയമനത്തിന് അർഹനാണ് |

ഈ സാഹചര്യത്തിൽ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരും ഉൾപ്പെട്ട സംസ്ഥാന തല സംയുക്ത സീനിയോരിട്ടി ലിസ്റ്റിലെ 4 ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജീവനക്കാരുടെ പേര്, തസ്തിക, കാര്യാലയം | സംയുക്ത സീനിയോറിറ്റി ലിസ്റ്റിലെ ക്രമ. നം. | തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|
| ശ്രീ. തോമസ് എ,<br>ഓഫീസ് അറ്റൻഡന്റ്,<br>വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, പത്തനംത്തിട്ട. | 17 | ICDS പറക്കോട് ,<br>പത്തനംത്തിട്ട |
| ശ്രീ. അയൂബ് കെ,<br>ഓഫീസ് അറ്റൻഡന്റ്, ICDS ഇരിക്കൂർ, കണ്ണൂർ. | 20 | ICDS ഇരിക്കൂർ<br>അഡീഷണൽ,<br>കണ്ണൂർ |
| ശ്രീ. ടോമി കെ ഐ,<br>ഓഫീസ് അറ്റൻഡന്റ്,<br>ICDS കഞ്ഞിക്കുഴി അഡീഷണൽ, ആലപ്പുഴ | 22 | ICDS ചാലക്കുടി,<br>തൃശ്ശൂർ |
| ശ്രീമതി ഷീജ എസ്,<br>ക്ലറിക്കൽ അറ്റന്റർഡർ,<br>വനിതാ ശിശു വികസന ഡയറക്ടറേറ്റ് | 23 | പ്രോഗ്രാം ഓഫീസ്,<br>തിരുവനന്തപുരം |

സംസ്ഥാനതല സംയുക്ത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുള്ള ജില്ലയിൽ തസ്തിക മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ടിയാളുകളുടെ മാതൃ ജില്ലയിൽ അപേക്ഷ പ്രകാരം സർവ്വീസ് സീനിയോറിറ്റി പാലിച്ച് സ്ഥലം മാറ്റം അനുവദിക്കുന്നതാണ്. ഇത്തരത്തിൽ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം

അനുവദിക്കുമ്പോൾ തസ്തിക മാറ്റ നിയമനം ലഭിച്ച തീയതിയെ അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോറിറ്റി നിർണ്ണയിക്കുന്നത്.

ബൈ ട്രാൻസ്ഫർ നിയമനം മുഖേനെ ക്ലാർക്ക് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിട്ടുതൽ ചെയ്യേണ്ടതും വിട്ടുതൽ പ്രവേശനം കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

HARITHA V KUMAR
വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകര്പ്പ് : 1) ശിശു വികസന പദ്ധതി ഓഫീസര്
ഇരിക്കൂർ /പറക്കോട്/ഇരിക്കൂർ അഡീഷണൽ/ചാലക്കുടി/കഞ്ഞിക്കുഴി അഡീഷണൽ

2) ജില്ലാ വനിതാ ശിശു വികസന ഓഫീസര് പത്തനംതിട്ട/തൃശ്ശൂർ/കണ്ണൂർ/ആലപ്പുഴ
3) പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം
4) വുമൺ പ്രൊട്ടക്ഷൻ ഓഫീസർ, പത്തനംതിട്ട.
5) സ്റ്റോക്ക് ഫയല്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.